# GMLPS
# Thalikulam North

# സ്കൂൾതല-
# അക്കാദമിക മാസ്റ്റർപ്ലാൻ

# ആമുഖം

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്കൂൾ തല വികസനത്തെക്കുറിച്ച് ചർച്ചയുടെ ഭാഗമായി വന്ന നിർദ്ദേശങ്ങൾ അടിസ്ഥാന സ്കൂളിന്റെ ഭാവി പ്രവർത്തനങ്ങൾക്കായി ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നത്.

തളിക്കുളം പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ള കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന മൂന്നാം വാർഡിൽ ആണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. അന്യസംസ്ഥാനത്തിൽ നിന്ന് വന്ന് ചെറിയ വീടുകളിൽ പാർക്കുന്നവരും, സുനാമി കോളനിയും ഈ പ്രദേശത്താണ് ചെയ്യുന്നത്.

ഇടശ്ശേരി സെന്ററിൽ നിന്നും പടിഞ്ഞാറോട്ട് മാറിയ ഈ വിദ്യാലയത്തിന് സമീപ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിഞ്ഞില്ല എന്നതും ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയും ആകർഷിക്കാൻ കഴിഞ്ഞില്ല എന്നതും പരിമിതിയായി നിലനിൽക്കുന്നു. ഈ പ്രദേശത്തുള്ളവർ ദൂരെയുള്ള വിദ്യാലയങ്ങളിൽ പഠനം നടത്തുന്നുണ്ട്.

ഈ പരിമിതികളെ മറികടക്കാൻ ധാരാളം നിർദ്ദേശങ്ങൾ ഉണ്ട്. വാഹന സൗകര്യം ഏർപ്പെടുത്തിയും വിദ്യാർത്ഥികളുടെ പഠനിലവാരം പൊതുസമൂഹത്തിൽ എത്തിച്ചും സ്കൂളിന്റെ ഭൗതിക സാഹചര്യം ഉയർത്തിയും വിജയത്തിലെത്തിക്കുക എന്ന ജോലി ഈ വർഷം നടപ്പിൽ വരുത്തേണ്ടതുണ്ട്.

# വിദ്യാലയത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

തളിക്കുളം പഞ്ചായത്തിലെ പിന്നോക്ക വിഭാഗത്തിലെ കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണ് ഇത്. അന്യസംസ്ഥാനത്ത് നിന്ന് കുടിയേറിയ ഏറ്റവും താഴ്ന്ന നിലവാരത്തിൽ ജോലി ചെയ്യുന്ന വ്യക്തികളുടെ കുട്ടികളാണ് ഇവിടുത്തെ വിദ്യാർത്ഥികൾ. പഠിച്ച് ഉന്നത നിലയിൽ എത്തണമെന്നോ, പഠനം കൊണ്ടുള്ള നേട്ടത്തെക്കുറിച്ച് അറിവോ കാഴ്ചപ്പാടോ ഇവർക്ക് ഇല്ല. ഇതുമൂലം വിദ്യാഭ്യാസത്തിന് വേണ്ടത്ര ശ്രദ്ധ ഇവർ നൽകുന്നില്ല. ചെറിയ ടിൻ ഷീറ്റുകൾ കൊണ്ടുള്ള അനവധി വീടുകളിൽ നിന്നാണ് ഇവർ വരുന്നത്.

നൂറാം വാർഷികം ആഘോഷിച്ച വിദ്യാലയമാണിത്. വാടക കെട്ടിടത്തിലായിരുന്നു വിദ്യാലയം. ഒട്ടനവധി പ്രതിസന്ധികളെ മറികടന്നുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ എത്തിച്ചേർന്നത്. ഇതിന്റെ സ്ഥലമാറ്റം, ഇടക്കാല പ്രതിസന്ധികൾ എന്നിവ വിദ്യാലയത്തിൽ നിന്ന് വിദ്യാർത്ഥികളെ അകറ്റി. വിദ്യാർത്ഥികളെ തിരിച്ചുപിടിക്കാനുള്ള അനവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടെ സഹകരണവും ഉണ്ട്.

അക്കാദമിക നിലവാരം ഉയർത്തി അതിലൂടെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ച് മികച്ച വിദ്യാലയമാക്കി മാറ്റുന്നതിനുള്ള ചില നിർദ്ദേശങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# ചരിത്രം

മുസ്ലീം പെൺകുട്ടികൾക്ക് മതപഠനത്തോടൊപ്പം പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ വിദ്യാലയത്തിന്റെ ആരംഭം. കാസർഗോഡുനിന്നും തളിക്കുളത്ത് വന്ന് താമസമുറപ്പിച്ച ശ്രീ. കുഞ്ഞുമുഹമ്മദ് മാഷാണ് ഈ വിദ്യാലയത്തിന് ആരംഭം കുറിച്ചത്.

വിദ്യാലയത്തിന് ആവശ്യമായ ഭൂമി വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും സാമ്പത്തികം പ്രധാന തടസ്സമായി. ആ സമയത്ത് പുതിയവീട്ടിൽ ബീരാൻ ഹാജിയുടെ സമ്മതത്തു-കൊണ്ട് അദ്ദേഹത്തിന്റെ സ്ഥലത്ത് വിദ്യാലയം ആരംഭിച്ചു.

തുടക്കത്തിൽ 130-ഓളം കുട്ടികൾ ഇവിടെ അധ്യയനം നടത്തിയിരുന്നു. രാവിലെ 7 മണിമുതൽ 9 മണിവരെ മതപഠനവും തുടർന്ന് 4 മണിവരെ സ്കൂൾ വിദ്യാഭ്യാസവും നടന്നുവന്നു. ആദ്യകാലങ്ങളിൽ ഒന്നാം തരം മുതൽ അഞ്ചാംതരം വരെയാണ് അധ്യയനം നടന്നിരുന്നത്. പിന്നീട് നാലാംതരം വരെയായി ചുരുങ്ങുകയായിരുന്നു.

ആദ്യകാലത്ത് വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കിയിരുന്നു. പി.ടി. ഭാസ്കരപണിക്കരുടെ നേതൃത്വ-ത്തിലൂടെ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും ചെയ്തു. ഐക്യകേരള പിറവിക്ക് ശേഷം ഡിസ്ട്രിക്ട് ബോർഡ് സ്കൂളു-കൾ സർക്കാർ ഏറ്റെടുത്തതിന്റെ കൂട്ടത്തിൽ ഈ വിദ്യാലയവും സർക്കാർ ഏറ്റെടുത്തു.

ഭൂരിഭാഗം കുട്ടികളും മുസ്ലീം കുട്ടികളായിരുന്നതിനാൽ മുസ്ലീം സ്കൂളിന്റെ സമയക്രമവും കലണ്ടറിലുമായിരുന്നു പ്രവർത്തനം. പിന്നീട് M.K. കുഞ്ഞു മുഹമ്മദ് മാസ്റ്റർ

ചെടശ്ശേരി പദ്ധതിയോട് ചേർന്ന് മദ്രസ വന്നതിനാൽ മതപഠനം ഇവിടെ നിന്ന് മാറി.

വിദ്യാലയത്തിന്റെയും സ്ഥലത്തിന്റെയും ഉടമ കുഞ്ഞുമുഹമ്മദ് ഹാജിയിൽ നിന്ന് മകൻ മൊയ്തീൻഷാ ആയി മാറിയെങ്കിലും അറ്റകുറ്റപണികൾ നടന്നു. പിന്നീട് അമറുദ്ദീൻഷായുടെ സ്ഥലഉടമസ്ഥതയിലായപ്പോൾ അറ്റകുറ്റപണികൾ നടക്കാതെയായി. ഇതോടെ കുട്ടികളുടെ എണ്ണം കുറയാൻ തുടങ്ങി. സ്വന്തമായി കെട്ടിടത്തിനും സ്ഥലത്തിനും വേണ്ടി ഒട്ടേറെ പരിശ്രമങ്ങൾ നടന്നു. തളിക്കുളം ഗ്രാമപഞ്ചായത്ത് ആണ്. ആ ശ്രമം ഏറ്റെടുക്കുകയും ചെയ്തു.

ചെടശ്ശേരി സെന്ററിൽ നിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറ് 15 സെന്റ് സ്ഥലം പഞ്ചായത്തും മുൻ സ്ഥലം ഉടമ അമറുദ്ദീൻഷായും ചേർന്ന് പഞ്ചായത്തിന്റെ പേരിൽ വാങ്ങിയിട്ടു.

തുടർന്ന് സ്കൂൾ താൽക്കാലിക ഷെഡിലേക്കും കടമുറിയിലേക്കും മാറി. 2008ൽ സുനാമിപദ്ധതിപ്രകാരം കെട്ടിടം പണിക്ക് 20 ലക്ഷം രൂപ അനുവദിച്ചു.

വിദ്യാലയത്തിന് അനുകൂലവും പ്രതികൂലവുമായ ഒട്ടനവധി ഘടകങ്ങൾ ഉണ്ട്. അനുകൂലഘടകങ്ങളെ സമൂഹമധ്യത്തിൽ ചർച്ച ചെയ്ത് സമൂഹത്തിന്റെ വിശ്വാസത്തോടെ ജനങ്ങളെ വിദ്യാലയത്തിലേക്ക് അടുപ്പിക്കുകയും ഇതുവഴി വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്യാം.

കുറവുകളെ ചർച്ചയിലൂടെ പരിഹരിക്കുന്നതിന് വിവിധ ഏജൻസികളുടെ സഹായം തേടാവുന്നതാണ്. ഗ്രാമപഞ്ചായത്ത്, എസ്. എസ്. എ. എന്നിവയുടെ സഹകരണവും തേടാവുന്നതാണ്.

## അക്കാദമികരംഗത്തെ നിലവിലുള്ള അവസ്ഥ.

- ഓരോ ക്ലാസിനും ഒരു അധ്യാപകൻ നിലവിലുണ്ട്.
- മികച്ച ലൈബ്രറിയുണ്ട്.
- ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.
- സ്മാർട്ട് ക്ലാസ് റൂം ഉണ്ട്.
- ഓരോ ക്ലാസിനും ഐ.ടി. അധിഷ്ഠിതമായ ക്ലാസ് നടത്തുന്നുണ്ട്.
- മികച്ച ക്ലാസ്മുറികൾ.
- വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
- പഠനസഹായം.
- പോഷകസമൃദ്ധമായ ഭക്ഷണം.
- പ്രഭാത ഭക്ഷണം [പഞ്ചായത്ത്]

## വിദ്യാർത്ഥികളുടെ നിലവാരം.

- വിദ്യാർത്ഥികളുടെ പഠന നിലവാരം പൂർണ്ണമായി നിലവാരത്തിലെത്തിക്കാൻ സാധിക്കുന്നില്ല.

## കാരണങ്ങൾ

- വിദ്യാർത്ഥികളുടെ വീട്ടിലെ ഭൗതിക സാഹചര്യവും സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയും പഠനത്തെ ബാധിക്കുന്നു.

## ലക്ഷ്യം

- സ്കൂളിൽ എത്തുന്ന വിദ്യാർത്ഥികളെ അവർ നേടേണ്ട ശേഷികൾ പൂർണ്ണമായി നേടാൻ പ്രാപ്തരാക്കുക [സർഗ്ഗാത്മകവും കായികവുമായ ശേഷികൾ]

# അക്കാദമിക പ്ലാൻ - മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | Pre-test<br>1. അക്ഷരം ഉറപ്പിക്കൽ<br>2. അടയാളം ഉറപ്പിക്കൽ<br>3. അക്ഷരകാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കുക<br>6. വാക്യങ്ങൾ നിർമ്മിക്കൽ<br>7. ചിത്രം- അടിക്കുറിപ്പ്.<br>8. ചിത്രം - കഥപറയൽ<br>9. ചിത്രം - കഥ എഴുതൽ<br>10. കഥ - ബാക്കി പറയൽ<br>11. ICT ഉപയോഗിച്ച് ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>12. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | ജൂൺ മുതൽ ലക്ഷ്യം നേടുന്നത് വരെ. | പുസ്തകങ്ങൾ<br>ICT<br>ചിത്രങ്ങൾ | BRC<br>PTA |
| 2. കുട്ടിയെ മികച്ച വായനക്കാരാക്കുക | - ക്ലാസ് വായനക്കൂട്ടം<br>- വായനമൂല<br>ക്ലാസ് ലൈബ്രറി<br>രൂപീകരണം | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | സ്കൂൾ ലൈബ്രറി നവീകരിക്കൽ | സ്കൂ | സ്കൂൾ | ~ |
| | നിർമ്മാണ ശില്പശാല | ജൂൺ | | രക്ഷിതാക്കൾ കുട്ടികൾ അധ്യാപകർ. |
| | പാട്ടുത്സവം, പാട്ടരങ്ങ് | സെപ്തംബർ ഡിസംബർ മാർച്ച് | | |
| | *വായനോത്സവം | നവംബർ - ഡിസംബർ | | PTA |
| | [illegible] *പത്രവായന | | | |
| | * അമ്മ വായന | | | |
| | * പുസ്തക ചർച്ച | | | |
| | * വായനാനുഭവം പങ്ക് വയ്ക്കൽ | | | |
| | * വായനാ കുറിപ്പ്-പതിപ്പ് | | | |
| | * വിദ്യാരംഗം സാഹിത്യവേദി-പ്രവർത്തനം. | | | |
| | * സ്കൂൾ സഭ, ബാലസഭ | മാസത്തിലൊരിക്കൽ. | | |
| | * ദിനാചരണങ്ങൾ | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ. |
|---|---|---|---|---|
| | *ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും. | ആഴ്ചകളിൽ | സ്കൂൾ | PTA |
| | *ആസ്വാദകരമായ വായന | | | |
| | * E-വായന | ആഴ്ചയിലൊരിക്കൽ | സ്കൂൾ | ക്ലാസ് ടീച്ചർ |
| | *റീഡേഴ്സ് തിയേറ്റർ | ആഗസ്റ്റ്-സെപ്റ്റംബർ മാർച്ച് | സ്കൂൾ അധ്യാപകർ | PTA |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | * ക്ലാസ് ലൈബ്രറി<br>* വായനക്കുറിപ്പ്, പതിപ്പ്<br>*ആസ്വാദനക്കുറിപ്പ്<br>* പുസ്തകചർച്ച<br>* വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>* ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ.<br>* സംയുക്ത ഡയറി<br>* സചിത്രനോട്ട്ബുക്ക്- മികച്ച പ്രവർത്തനങ്ങളുടെ പ്രദർശിപ്പിക്കൽ | | ലൈബ്രറി | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | * സർഗാത്മക ഡയറി | ജൂലൈ-മുതൽ മാർച്ച് വരെ | ക്ലാസ് | രക്ഷിതാക്കൾ, ക്ലാസ് ടീച്ചർ, |
| കുട്ടികളിൽ താളബോധം വർദ്ധിപ്പിക്കുന്നതിനും കവിതകൾ/ പാട്ടുകൾ താളാത്മകമായി അവതരിപ്പിക്കാൻ അവസരമൊരുക്കുക. | * കാവ്യാസ്വാദനം | ഓണം ടേമിന്റെ അവസാനം | സ്കൂൾ | BRC PTA |
| | * കാവ്യവിഷ്കാരം | " | " | " |
| | * ബാലസഭ | | | |
| | * പഠനോത്സവം | ഫെബ്രുവരി മാർച്ച് | സ്കൂൾ | BRC PTA. |

## മേഖല : ഗണിതം.

ലക്ഷ്യങ്ങൾ

1. 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് ഗണിതലാബ് ഉപയോഗപ്പെടുത്താൻ
2. ഗണിതം അനായാസമായി പഠിക്കുവാൻ കഴിയുന്ന വിധത്തിൽ കുട്ടികളെ പ്രാപ്തരാക്കുക.
3. ഗണിതപഠനത്തിലെ പിന്നോക്കാവസ്ഥ മനസ്സിലാക്കി താല്പര്യം ഉണ്ടാവാക്കുന്ന പുതിയ പ്രവർത്തനങ്ങളുടെ ആസൂത്രണം.
4. വ്യത്യസ്ത കുട്ടികളുടെ ഗണിതശേഷി നിലവാരം മനസ്സിലാക്കി ഉചിതപ്രവർത്തനങ്ങൾ നൽകൽ.
5. ഗണിതപഠനത്തിൽ കുട്ടികളെ എങ്ങനെയെല്ലാം സഹായിക്കാം എന്ന് രക്ഷിതാക്കളെയും സമൂഹത്തെയും ബോധ്യപ്പെടുത്തൽ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ. |
|---|---|---|---|---|
| ഗണിതലാബ് വികസിപ്പിക്കൽ | എസ്.ആർ.ജി.യിൽ ഗണിതലാബിൽ കൂടുതലായി ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ചചെയ്യുന്നു, ഓരോ ക്ലാസിലും ആവശ്യമായ പഠനോപകരണങ്ങൾ, പസിലുകൾ കളികൾ എന്നിവ | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | BRC PTA. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| | എതുസമയത്തും ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുന്ന ഒരു ഇടം ഒരുക്കൽ. | | | |
| | ഗണിതപഠനം ലളിതവും ആസ്വാദ്യകരവും ആക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ലാബിനും സ്കൂൾ അന്തരീക്ഷത്തിനും വരുത്തൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| | ICT, Computer എന്നിവ ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ, പസിലുകൾ, ഗെയിമുകൾ, എന്നിവ പ്രയോജനപ്പെടുത്തൽ, കുട്ടികളുടെ ഗണിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രക്ഷിതാക്കൾക്കുള്ള ബോധവത്കരണം. | " | " | BRC PTA. |
| പഠനോപകരണ നിർമ്മാണം | രക്ഷിതാക്കളുടെ സഹായത്തോടെ ഓരോ ക്ലാസിലേക്കും ആവശ്യമായ ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കൽ, അബാക്കസ്, പാമ്പും കോണിയും, സംഖ്യാ[illegible] | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ. |
|---|---|---|---|---|
| | സംഖ്യാചക്രം, അളവ്തൂക്കങ്ങൾ, മാന്ത്രികചതുരം, അംസ്ഥാനവില പോക്കറ്റ്, ക്ലോക്കുകൾ, ഗണിതകേളികൾക്കാവശ്യമായ ഉപകരണങ്ങൾ, സമയനാഡ, മഞ്ചാടി-സഞ്ചി, ഡയസ്, കുന്നുപറുക്കൽ സാന്റ് ലെട, cut out | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | BRC PTA |
| ഒറിഗാമി പ്രവർത്തനങ്ങൾ | ഓരോ ക്ലാസിലെയും പാഠഭാഗങ്ങൾക്കാവശ്യമായ TLM, വിവിധതരം ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുന്ന ഒറിഗാമി പ്രവർത്തനങ്ങൾ | ,, | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ. |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | എൽ.പി. തലം വിടുന്നതോടെ എല്ലാ കുട്ടികളിലും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | ,, | ,, | ,, |
| ഗണിതം മധുരമാക്കൽ | ഗണിതപാട്ട്, ഗണിതപ്പൂക്കളം എന്നിവയുടെ അവതരണം. പ്രകൃതിയിലെ പാറ്റേണുകൾ നിരീക്ഷിക്കൽ, ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ. | ,, | ,, | ,, |
| ഗണിത മാഗസിൻ | സംഖ്യാവബോധം, വിവിധരൂപങ്ങൾ, [illegible] | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിഭവങ്ങൾ |
|---|---|---|---|---|
| | രൂപങ്ങൾ, പാറ്റേണുകൾ ജ്യാമിതീയ ചിത്രങ്ങളും, ഓരോ ക്ലാസിലെയും പതിപ്പുകൾ ഒന്നിച്ച് ചേർത്ത് മാഗസിനുകളും വിസ്മയ ചുമരും തയ്യാറാക്കൽ. | ആഗസ്റ്റ്-മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ |
| ഗണിതശേഷി ഗണിതപഠനം രസകരമാക്കുന്നതിന്. | ഗണിത ക്ലബിന്റെ പ്രവർത്തനം<br>* ഗണിത പാചകം<br>* കുസൃതി കണക്കുകൾ<br>* ഗണിത ക്വിസ്.<br>* ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടുത്തൽ. | മാസത്തി-ലൊരി-ക്കൽ | ക്ലാസ്ടീച്ചർ<br><br><br>" | PTA.<br><br>അധ്യാപകർ<br><br>" |
| | * ഗണിത അസംബ്ലി<br>* നോട്ട് പരിചയപ്പെടുത്തൽ<br>* കട-കച്ചവടം | ഓരോ ടേമിലും | അധ്യാപകർ | " |

## അക്കാദമിക മേഖല : പരിസര പഠനം

### ശാസ്ത്രാന്വേഷണ മനോഭാവം വളർത്തൽ

**ആമുഖം :-**

പാഠപുസ്തകങ്ങളിൽ നിന്നും നേടിയ അറിവുകൾ പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്തുമ്പോഴാണ് ശാസ്ത്രാവബോധം ലഭിക്കുന്നത്. ഇതുമൂലം സമൂഹത്തിന് ഗുണകരമാവുകയും ചെയ്യും.

**ലക്ഷ്യങ്ങൾ :-**

- ശാസ്ത്രാന്വേഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
- പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് പരിഹാരം കണ്ടെത്താനുള്ള കഴിവ് ഉണ്ടാക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികളെ ലഘുപരീക്ഷണങ്ങളിൽ താല്പര്യമുണർത്തുക.
- ശാസ്ത്രത്തെ പറ്റി നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിലൂടെ സമൂഹത്തിൽ ശാസ്ത്രാവബോധം വളർത്തുക.
- ലഘുപരീക്ഷണപ്രവർത്തനങ്ങളിലൂടെ ശാസ്ത്രാവബോധം വളർത്തൽ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ. |
|---|---|---|---|---|
| ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ, കുട്ടികൾ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. അസംബ്ലിയിൽ [illegible] | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | T.B യിലുള്ളതും പുറത്തു നിന്ന് കിട്ടിയ അറിവുകൾ ഉപയോഗിച്ച് പരീക്ഷണങ്ങളിൽ ഏർപ്പെടുക. ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ചുറ്റുപാടുമുള്ള വസ്തുക്കളെ താരതമ്യം ചെയ്യൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ | ചുറ്റുപാടുമുള്ള വസ്തുക്കളെ നിരീക്ഷിക്കൽ, വർഗ്ഗീകരിക്കൽ, അപഗ്രഥിക്കൽ, നിഗമനം രൂപീകരിക്കൽ ഫീൽഡ് ട്രിപ്പ്. | ജൂൺ-മാർച്ച് | " | ക്ലാസ് ടീച്ചർ |
| സ്കൂൾ ലബോറട്ടറി | കുട്ടികൾക്ക് സ്വയം പരീക്ഷണം നടത്താൻ വേണ്ട സാമഗ്രികൾ നൽകൽ, ഭൂപടങ്ങൾ ഗ്ലോബുകൾ തുടങ്ങിയ ഉപകരണങ്ങൾ, സൗരയൂഥം മോഡൽ etc.. | " | " | " |
| സസ്യങ്ങളെ പരിചയപ്പെടുത്തുക | ജൈവവൈവിധ്യ പാർക്കിലെ സസ്യങ്ങൾ നിരീക്ഷിച്ച് എഴുതുക. | " | " | " |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| പഠനോപകരണങ്ങൾ നിർമ്മിക്കൽ | കുട്ടികൾക്ക് സ്വയം നിർമ്മിക്കാൻ കഴിയുന്ന പഠനോപകരണങ്ങൾ നിർമ്മിക്കാനുള്ള അവസരങ്ങൾ നൽകൽ, നിർമ്മാണത്തിലൂടെ പഠനവും നടക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | BRC PTA |
| 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല | ശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ തയ്യാറാക്കൽ, യുറീക്ക, ഡൈജസ്റ്റ് തുടങ്ങി പുസ്തകങ്ങൾ ശേഖരിച്ച് കുട്ടികളെ കൊണ്ട് വായിപ്പിക്കൽ, പരീക്ഷണ സാമഗ്രികൾ തയ്യാറാക്കൽ, ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടൽ. | " | " | " |
| സസ്യങ്ങളെ വളർത്തൽ- ഡയറി എഴുത്ത്. | ഒരു കുട്ടിക്ക് ഒരു ചെടി, ആ ചെടിയുടെ വളർച്ച നിരീക്ഷിച്ച് ഡയറി എഴുതൽ | " | " | " |

# അക്കാദമിക മേഖല : ഇംഗ്ലീഷ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിലയിരു |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ | 1. പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ- | | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ജൂലായ് | | |
| | 3. ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒന്ന്. | അധ്യാപകർ | |
| | 4. ഡയറി കുറിപ്പ്. | | | |
| | 5. ഇംഗ്ലീഷ് - ബാലസഭ<br>* ഓരോ ക്ലാസിലെയും ഇംഗ്ലീഷ് പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ. | മാസത്തിൽ ഒന്ന് | അധ്യാപകർ | |
| സർഗാത്മകത വളർത്താൻ | 6. ഇംഗ്ലീഷ് ക്ലാസിനു ചേർന്ന ലൈബ്രറി വായനസാമഗ്രികൾ, ലളിത ഇംഗ്ലീഷ് വായന പുസ്തകം | ജൂലൈ- മാർച്ച് | ക്ലാസ് ടീച്ചർ. | |
| | 7. പതിപ്പുകൾ, മാഗസിനുകൾ സ്കിറ്റ് | | | |
| | 8. ബിഗ്‌ബി, അക്ഷരങ്ങൾ, വാക്കുകൾ | | | |
| | 9. കവിത എഴുതൽ, ചിത്രം വരയ്ക്കൽ. | | | |
| | 10. പോസ്റ്റർ രചന. | | | |
| | 11. Picture dictionary | | | |

# Academic Masterplan - English

Aim : To speak, Read and write English without any mistakes.

Time - June - July - August.

June

Pre-test

• To develop listening skills and reading skills first.

* Listening skills

Games, Action Songs, Hello english activities

Use ICT

* Speaking Skills

- Descriptions, growing Sentences, picture reading, picture description, Self introduction, Assembly activities, Speech, quiz, riddles, self introduction, etc.

* July - March

Reading skills

- Newspaper reading, library books reading, book review, find words, Reading cards, describing words and Text boot activities

Writing skills

Make word web, picture description, word chain, Sentence chain, riddles, Add more lines, notice, proclamation, diary, announcement, magazines.

## അക്കാദമിക മേഖല : കലാകായിക വിദ്യാഭ്യാസം.

കുട്ടികളിൽ കലാ കായികശേഷി വികസിപ്പിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ സ്കൂളിൽ നിലവിലുണ്ട്. ആഴ്ചയിൽ 2 പിരീഡ് ക്ലാസ്ടീച്ചറിന്റെ നേതൃത്വത്തിൽ നടന്നിവരുന്നു. ദിവസേന അസംബ്ലിയിൽ മാസ്ഡ്രിൽ മാസ്ഡ്രിൽ നടത്തുന്നതുപോലെ തന്നെ കലാപഠനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ അവതരിപ്പിക്കാറുണ്ട്.

### ലക്ഷ്യങ്ങൾ

* കുട്ടികളിലെ ജന്മവാസനകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കാൻ
* ഏത് മേഖലയിലാണോ കുട്ടികൾക്ക് താല്പര്യം അത് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ.
* കായിക ക്ഷമത വർദ്ധിപ്പിക്കാൻ തക്ക കളികൾ തയ്യാറാക്കൽ, കളിയിലൂടെ പഠനം എന്നപ്രവർത്തനങ്ങൾ നടത്തൽ
* സർഗാത്മകപ്രകടനത്തിന് അവസരം നൽകൽ
* പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കലാകായിക പ്രവർത്തനങ്ങൾ കണ്ടെത്തൽ
* കലാ കായികരംഗത്തെ പ്രശസ്തരായ ആളുകളെ സ്കൂളിനു ലഭ്യമാക്കൽ
* [illegible]

* കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക.

* കുട്ടികളിലെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കൽ.
  - ആഴ്ചയിലൊരിക്കൽ ഒരു നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട് സർഗാത്മക രചനകൾ നടത്താൻ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു. അസംബ്ലികളിൽ വിവിധ കലാപരിപാടികൾ അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു.

* ശില്പശാലയിലൂടെ സർഗാത്മകത വളർത്തൽ.
  - കലയിൽ പ്രാഗത്ഭ്യരായ രക്ഷിതാക്കളെ കണ്ടെത്തി അവരുടെ സേവനം ലഭ്യമാക്കുന്നു.

* കായിക ക്ഷമത വർദ്ധിപ്പിക്കൽ.
  - കായിക മേഖലയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകി അവരെ കായിക മത്സരത്തിന് പ്രാപ്തരാക്കുന്നു.

* കലാകായിക മത്സരങ്ങൾ നടത്തുന്നു.
  - കുട്ടികളിലെ മികവ് കണ്ടെത്താൻ വിവിധ കലാകായിക മത്സരങ്ങൾ നടത്തുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

* പിന്നോക്കക്കാരിൽ കലാകായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നു.
  - കുട്ടികൾക്ക് അനുയോജ്യമായ മത്സരങ്ങൾ നടത്തി